- പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.
- ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽനിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി.
- സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിന് പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11-10-2013-ലെ 515/2013/ധന. നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11-10-2013-ലെ സ.ഉ.(പി) നമ്പർ 515/13/ധന., 28-11-2013-ലെ സ.ഉ.(പി) നമ്പർ 580/13/ധന. എന്നീ ഉത്തരവുകൾവഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്രീകൃത കോൾ സെന്ററും ഡേറ്റാ സെന്ററും

13(*192) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ കേന്ദ്രീകൃത കോൾ സെന്ററും ഡേറ്റാ സെന്ററും പ്രവർത്തന സജ്ജമായിട്ടുണ്ടോ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് ;

(ഡി) ഉപഭോക്താക്കൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഇതിൽ ഒരുക്കിയിരിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. RAPDRP പദ്ധതി (പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി)-യുടെ പാർട്ട് - എ-യുടെ ഭാഗമായി സ്ഥാപിക്കേണ്ട ഡേറ്റാ സെന്ററും കോൾ സെന്ററും യഥാക്രമം 21-1-2014, 20-2-2014 എന്നീ തീയതികൾ മുതൽ പ്രവർത്തനസജ്ജമായി. ഇവയുടെ ഔദ്യോഗിക ഉദ്ഘാടനം 12-11-2014-ന് നിർവ്വഹിക്കുകയുണ്ടായി.

(ബി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽവന്ന കേന്ദ്രീകൃത കോൾസെന്ററിൽ വൈദ്യുതി മുടക്കം, വോൾട്ടേജ് വ്യതിയാനം, ട്രാൻസ്ഫോർമർ തകരാറുകൾ, വൈദ്യുതിലൈൻ തകരാറുകൾ, വൈദ്യുതിപോസ്റ്റ് തകരാറുകൾ, സർവ്വീസ് കണക്ഷൻ പരാതികൾ, വൈദ്യുതി ബിൽ സംബന്ധമായ പരാതികൾ, വൈദ്യുതി മീറ്റർ സംബന്ധമായ പരാതികൾ, അപകടങ്ങൾ, വൈദ്യുതി മോഷണം തുടങ്ങിയവയെല്ലാം ഫോൺ മുഖേന വിളിച്ച് രജിസ്റ്റർ ചെയ്യ് കോൾ സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. സമീപഭാവിയിൽ GIS സംവിധാനംവഴി ഉപഭോക്തൃ മാപ്പിംഗ് കഴിയുന്നതോടെ കോൾ സെന്റർ ഏജന്റിന്റെ സഹായം ഇല്ലാതെതന്നെ വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ അറിയുവാൻ സാധിക്കും.

(സി) കേന്ദ്രസർക്കാർ ടി പദ്ധതിയിൽ എല്ലാ സംസ്ഥാനങ്ങൾക്കുമായി 51,577 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കേരളത്തിന് വൈദ്യുതി വിതരണ മേഖലയിലെ വിവര സാങ്കേതിക പദ്ധതിക്ക് 214.38 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) വൈദ്യുതി മുടക്കം, വോൾട്ടേജ് വ്യതിയാനം, ട്രാൻസ്ഫോർമർ തകരാറുകൾ, വൈദ്യുതി ലൈൻ തകരാറുകൾ, വൈദ്യുതി പോസ്റ്റ് തകരാറുകൾ, സർവ്വീസ് കണക്ഷൻ പരാതികൾ, വൈദ്യുതി ബിൽ സംബന്ധമായ പരാതികൾ, വൈദ്യുതി മീറ്റർ സംബന്ധമായ പരാതികൾ, അപകടങ്ങൾ, വൈദ്യുതി മോഷണം തുടങ്ങിയവയെല്ലാം കോൾസെന്ററിലെ 1912/0471-2555544 എന്നീ നമ്പരുകളിലേയ്ക്ക് കേരളത്തിലെ ഏത് ഫോൺ നമ്പറിൽനിന്നും വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

കോൾസെന്റർ ജീവനക്കാരന്റെ സഹായമില്ലാതെതന്നെ പരാതി രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും - IVRS (Interactive Voice Response System) ലഭ്യമാണ്. പരാതി രജിസ്റ്റർ ചെയ്യുമ്പോൾ പരാതി നമ്പർ ഉപഭോക്താവിന്റെ മൊബൈലിൽ SMS ആയി ലഭിക്കും. പിന്നീട് ഈ പരാതി നമ്പർ നൽകിയാൽ പരാതിയുടെ സ്റ്റാറ്റസ് അറിയുന്നതിനും പരാതി പരിഹരിച്ചുകഴിഞ്ഞാൽ ആ വിവരം ഉപഭോക്താവിനെ SMS മുഖാന്തിരം അറിയിക്കുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പരാതി രജിസ്റ്റർ ചെയ്യുന്നതിന് 1912 എന്ന നമ്പരിൽ വിളിക്കുമ്പോൾ 13 അക്കമുള്ള കൺസ്യൂമർ നമ്പർ ഡയൽ ചെയ്യേണ്ടതാണ്. IVRS -ൽത്തന്നെ ഫോൺ നമ്പർവഴി കൺസ്യൂമറെ തിരിച്ചറിയുന്ന സംവിധാനം ഉടൻ നിലവിൽ വരുന്നതാണ്. കെ.എസ്.ഇ.ബി.-യുടെ വെബ്സൈറ്റ്വഴിയും ഉപഭോക്താവിന് മേൽപ്പറഞ്ഞ എല്ലാവിധ സേവനങ്ങളും ലഭ്യമാകുന്നതാണ്.

wss.kseb.in എന്ന വെബ്സൈറ്റ്വഴി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടയ്ക്കാവുന്നതാണ്. 37 ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് മുഖേന പണം അടയ്ക്കാം. ഇടപാട് പൂർത്തിയാകുമ്പോൾ ഉപഭോക്താക്കൾക്ക് മൊബൈലിൽ SMS-ഉം ഇമെയിലും ലഭിക്കും.

wss.kseb.in എന്ന വെബ്സൈറ്റ്വഴി ഉപഭോക്താക്കൾക്ക് കൺസ്യൂമർ നമ്പർ രജിസ്റ്റർ ചെയ്ത് ഓൺലൈൻ അക്കൗണ്ട് ഉണ്ടാക്കാവുന്നതാണ്. വെബ്സൈറ്റിൽ രജിസ്റ്റർചെയ്ത ഉപഭോക്താക്കൾക്ക് അവരുടെ ബിൽ നോക്കുന്നതിനും തുക അടയ്ക്കുന്നതിനും സാധിക്കും. കൂടാതെ 12 മാസത്തെ ബിൽ വിവരങ്ങൾ, തുക അടച്ച വിവരങ്ങൾ, 12 മാസത്തെ വൈദ്യുതി ഉപഭോഗം, പരാതി രജിസ്റ്റർ ചെയ്ത വിവരങ്ങൾ തുടങ്ങിയവ ലഭ്യമാകും.

ഭക്ഷ്യസംസ്കരണ വ്യവസായം

14(*193) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ സംസ്കരണ വ്യവസായം വ്യാപകമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ തനത് വിഭവങ്ങളായ നാളികേരം, ചക്ക, മാങ്ങ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം നടത്തുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ മേഖലയ്ക്ക് സാങ്കേതിക സഹായം നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം സംബന്ധിച്ച് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly